"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ആലപ്പുഴ ജില്ലയിലെ മുഹമ്മ എ.ബി.വിലാസം ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപികയായ ശ്രീമതി റ്റി.പി.സരിത സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.8218/2023/GEDN തീയതി,തിരുവനന്തപുരം, 26-12-2023

---

പരാമർശം:-
1. 24-01-2023 തീയതിയിലെ സ.ഉ.(സാധാ)നം.123/2023/ഉ.വി.വ ഉത്തരവ്.
2. ശ്രീമതി.റ്റി.പി. സരിത സമർപ്പിച്ച 24-06-2023 -ലെ റിവിഷൻ ഹർജി.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15-09-2023-ലെ ഇ.സി1/13371/2022/ഡി.ജി.ഇ നം.കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ മുഹമ്മ എ.ബി.വിലാസം ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപികയായ ശ്രീമതി റ്റി.പി.സരിത 02-06-2014 മുതൽ 01-06-2016 വരെയുള്ള സേവനകാലം എൽ.ജി.(ഹിന്ദി) തസ്തികയിലുള്ള നിയമനമായി കണക്കാക്കി അംഗീകരിച്ച് ക്രമീകരിച്ച് നല്കുന്നതിനും താൽക്കാലിക നിയമനകാലം ഉൾപ്പെടെയുള്ള കാലത്തെ ആനുകൂല്യങ്ങൾ എൽ.ജി. (ഹിന്ദി) തസ്തികയ്ക്ക് അനുവദിക്കപ്പെട്ടത് കണക്കാക്കി നൽകണമെന്നും അഭ്യർഥിച്ച് സൂചന രണ്ട് പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. എ.ബി.വിലാസം ഹയർ സെക്കന്ററി സ്കൂളിൽ 04-06-2012 മുതൽ 14-07-2014 വരേയും 01-06-2016 മുതൽ തുടർന്നും എൽ.ജി.(ഹിന്ദി) തസ്തികയിൽ അംഗീകാരം ലഭിച്ച് ജോലി ചെയ്തുവരുന്ന ഹർജിക്കാരി തസ്തിക നഷ്ടം വന്നതുമൂലം 02-06-2014 മുതൽ എൽ.ജി.(ഹിന്ദി) തസ്തികയിൽ തുടരാൻ സാധിക്കാതെ വന്നപ്പോൾ റിട്ടയർമെന്റ് വഴിയുണ്ടായ സ്ഥിരം ഒഴിവിൽ 02-06-2014 മുതൽ എച്ച്.എസ്.എ.(ഹിന്ദി) തസ്തികയിൽ നിയമിക്കപ്പെടുകയും 31-06-2016 വരെ രണ്ട് വർഷക്കാലം യാതൊരു ആനുകൂല്യവും അംഗീകാരവും ലഭിക്കാതെ ജോലി നോക്കുകയും

ചെയ്തിരുന്നു. എന്നാൽ എച്ച്.എസ്.എ.(ഹിന്ദി) തസ്തിക നിർണ്ണയം നടത്തിയപ്പോൾ ഇല്ലാതെ വരികയും തുടർന്നുണ്ടായ എൽ.ജി. (ഹിന്ദി) തസ്തികയിൽ 01-06-2016 മുതൽ നിയമനം ലഭിച്ച് അംഗീകാരത്തോടെ സർവ്വീസിൽ തുടരുകയുമാണ്. ആയതിനാൽ എച്ച്.എസ്.എ.(ഹിന്ദി) തസ്തികയിൽ നിയമനം ലഭിക്കാൻ യോഗ്യത സംബന്ധിച്ച് എന്തെങ്കിലും പ്രശ്നം ഉള്ളപക്ഷം 02-06-2014 മുതൽ 01-06-2016 വരെയുള്ള സേവനകാലം എൽ.ജി.(ഹിന്ദി) തസ്തികയിലുള്ള നിയമനമായി കണക്കാക്കി അംഗീകരിച്ച് ക്രമീകരിച്ചു നൽകണമെന്നും താൽക്കാലിക നിയമനകാലം ഉൾപ്പെടെയുള്ള കാലത്തെ ആനുകൂല്യങ്ങൾ എൽ.ജി. (ഹിന്ദി) തസ്തികയ്ക്ക് അനുവദിക്കപ്പെട്ടത് കണക്കാക്കി നൽകി സഹായിക്കണമെന്നതാണ് അപേക്ഷയിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും, അടിസ്ഥാനത്തിൽ പരിശോധിച്ചു. ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന മുഹമ്മ എ ബി വിലാസം ഹൈസ്കൂളിൽ 2012-13 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരമുള്ള അധിക ഡിവിഷൻ തസ്തികയിൽ ശ്രീമതി.റ്റി.പി.സരിതയെ 04/06/2012 മുതൽ എൽ ജി (ഹിന്ദി ) തസ്തികയിൽ തുടർച്ചയായി മാനേജർ നിയമിച്ചു. എന്നാൽ പ്രസ്തുത നിയമനം 14/07/2014 വരെ ക്രമപ്പെടുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പിന്നീട് 2014-15 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം എൽ.ജി (ഹിന്ദി ) തസ്തിക നഷ്ടപ്പെട്ടതിനാൽ ടിയാരിയെ 02/06/2014 മുതൽ ടി സ്കൂളിൽ വിരമിക്കൽ മൂലം ഉണ്ടായ എച്ച്.എസ്.റ്റി (ഹിന്ദി) ഒഴിവിൽ സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചു. എന്നാൽ പ്രസ്തുത നിയമനം എച്ച്.എസ്.റ്റി (ഹിന്ദി) തസ്തികയിലെ നിയമനത്തിന് ആധാരമായ യോഗ്യതയായ അലഹബാദ് ഹിന്ദി സാഹിത്യ സമ്മേളൻ നൽകുന്ന ശിക്ഷ വിശാരദ് എന്ന കോഴ്സ് ടിയാരി പാസ്സായത് 2007-ൽ ആണ്. എന്നാൽ പ്രസ്തുത കോഴ്സുകളുടെ അംഗീകാരം ജി.ഒ.(എം.എസ്) നം. 80/2008/പൊവിവ പ്രകാരം 2006 മുതൽ സർക്കാർ റദ്ദ് ചെയ്തിരുന്നു എന്ന കാരണത്താൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ, കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചിരുന്നു. എന്നാൽ നിലവിൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അലഹബാദ് ഹിന്ദി സാഹിത്യ സമ്മേളൻ നൽകുന്ന ശിക്ഷ വിശാരദ് എന്ന കോഴ്സ് കേരള യൂണിവേഴ്സിറ്റിയുടെ ബി.എഡ്. ഡിഗ്രി കോഴ്സിനു തുല്യമാണെന്ന് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുഹമ്മ എ.ബി വിലാസം ഹൈസ്കൂളിലെ ശ്രീമതി. റ്റി.പി. സരിതയുടെ 02/06/2014 മുതൽ 01/06/2016 വരെയുള്ള എച്ച്.എസ്.റ്റി (ഹിന്ദി) തസ്തികയിലെ നിയമനം പരിഗണിക്കാവുന്നതാണ്. പിന്നീട് 2016-17

വർഷത്തെ തസ്തിക നിർണ്ണയം നടത്തിയപ്പോൾ എച്ച്.എസ്.എ (ഹിന്ദി) തസ്തിക ഇല്ലാതെ വരുകയും തുടർന്ന് ടിയാരി 01/06/2016 മുതൽ എൽ.ജി (ഹിന്ദി) തസ്തികയിൽ മാനേജർ നിയമിക്കുകയും ആയതിന് അംഗീകാരം ലഭിച്ച് തുടർന്നു വരികയുമാണ്.

4. പരാമർശം (1) ഉത്തരവ് പ്രകാരം അലഹബാദ് ഹിന്ദി സാഹിത്യ സമ്മേളൻ നൽകുന്ന ശിക്ഷ വിശാരദ് എന്ന കോഴ്സ് കേരള യൂണിവേഴ്സിറ്റിയുടെ ബി.എഡ്. ഡിഗ്രി കോഴ്സിനു തുല്യമാണെന്ന് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ മുഹമ്മ എ.ബി വിലാസം ഹൈസ്കൂളിലെ ശ്രീമതി.റ്റി.പി.സരിതയുടെ 02/06/2014 മുതൽ 01/06/2016 വരെയുള്ള എച്ച്.എസ്.റ്റി (ഹിന്ദി) തസ്തികയിലെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നൽകുന്നതിന് ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

5. മേൽ പ്രകാരം പരാമർശം 2 റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേർത്തല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ശ്രീമതി റ്റി.പി.സരിത, എൽ.ജി. ഹിന്ദി അധ്യാപിക, എ.ബി.വിലാസം ഹയർ സെക്കന്ററി സ്കൂൾ, മുഹമ്മ പി.ഒ, ആലപ്പുഴ

മാനേജർ, എ.ബി.വിലാസം ഹയർ സെക്കന്ററി സ്കൂൾ, മുഹമ്മ പി.ഒ, ആലപ്പുഴ

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar C O
Date: 26-12-2023 11:09:54

സ.ഉ.(സാധാ) നം.8218/2023/GEDN

സെക്ഷൻ ഓഫീസർ